Draft #2 of File 37151/AD A3-4/2025/AD A 3 Approved by ASSISTANT REGISTRAR I (ADMIN) on 24-Jan-2026 02:09 PM - Page 1

# മഹാത്മാഗാന്ധി സർവ്വകലാശാല

പുറത്തെഴുത്ത് നം.37151/AD A3-4/2026/AD A 3 24.01.2026

സംസ്ഥാനത്തെ വിവിധ സർവകലാശാലകളിലെ അനധ്യാപക ജീവനക്കാരുടെ പതിനൊന്നാം ശമ്പള പരിഷ്കരണം പ്രകാരമുള്ള കുടിശ്ശികയുടെ മൂന്നും നാലും ഗഡുക്കൾ (25% വീതം) അനുവദിച്ചുകൊണ്ട് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് സ.ഉ.(അച്ചടി) നം.1/2026/ധന, തീയതി 01.01.2026, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III പരിച്ഛേദം 10.17-ൽ പ്രതിപാദിച്ചിരിക്കുന്ന അധികാരം ഉപയോഗിച്ച് സർവകലാശാലയിൽ നടപ്പിലാക്കുവാൻ വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബിനോയ് സെബാസ്റ്റ്യൻ
അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ് :

1. എല്ലാ വിഭാഗങ്ങളും ഡിപ്പാർട്ടുമെന്റുകളും സെന്ററുകളും
2. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ/എഫ്.ഒ/സി.ഇ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
4. ജോയിന്റ് ഡയറക്ടർ, കെ.എസ്.എ.ഡി.,മഹാത്മാഗാന്ധി സർവകലാശാല
5. എ.ആർ./ഡി.ആർ./ജെ.ആർ.(ഭരണം/അക്കാദമിക്/ഫിനാൻസ്/പരീക്ഷ).
6. എ സി സി1/2/ഐ.ക്യു.എ.സി./പി.ആർ.ഒ.
7. സ്റ്റോക്ക് ഫയൽ /റെക്കോർഡ്സ് സെക്ഷൻ/ഫയൽ കോപ്പി.

Draft #2 of File 37151/AD A3-4/2025/AD A 3 Approved by ASSISTANT REGISTRAR I (ADMIN) on 24-Jan-2026 02:09 PM - Page 2

ADA3

21/Jan/2026

**കേരള സർക്കാർ**

**സംഗ്രഹം**

ശമ്പള പരിഷ്കരണം 2019 – സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിലെ അനധ്യാപക ജീവനക്കാരുടെ പതിനൊന്നാം ശമ്പള പരിഷ്കരണ കുടിശ്ശികത്തുകയുടെ മൂന്നും നാലും ഗഡുക്കൾ (25% വീതം) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പേ റിവിഷൻ സെൽ-ഡി) വകുപ്പ്**

സ.ഉ.(അച്ചടി) നം.1/2026/ധന തീയതി, തിരുവനന്തപുരം, 01-01-2026

---

പരാമർശം:- 1. സ.ഉ.(അച്ചടി) നം. 21/2022/ധന തീയതി 18.02.2022
2. സർക്കുലർ നം. 75/2023/ധന തീയതി 29.07.2023
3. സ.ഉ.(അച്ചടി) നം. 31/2023/(34)/ധന തീയതി 30.03.2023
4. സ.ഉ. (കൈ) നം. 151/2023/(42)/ധന തീയതി 10.10.2023
5. സ.ഉ. (അച്ചടി) നം. 51/2025/ധന തീയതി 16.04.2025
6. സ.ഉ.(അച്ചടി) നം. 139/2025/(93)/ധന തീയതി 01.11.2025

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിലെ അനധ്യാപക ജീവനക്കാരുടെ ശമ്പളവും അലവൻസുകളും 01.07.2019 തീയതി പ്രാബല്യത്തിൽ പരിഷ്കരിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 34 ൽ ശമ്പളപരിഷ്കരണ കുടിശിക 25% വീതമുള്ള നാല് ഗഡുക്കളായി, അതായത് 01.04.2023, 01.10.2023, 01.04.2024, 01.10.2024 തീയതികളിലായി ജീവനക്കാരുടെ പി.എഫ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതാണെന്ന് വ്യക്തമാക്കിയിരുന്നു. 01.07.2019 മുതൽ 31.05.2021 വരെയുള്ള കാലയളവിൽ സർവ്വകലാശാലകളിൽ നിന്നും വിരമിച്ചവർ, വിരമിക്കലിനു മുന്നോടിയായി 30.04.2021 നു മുമ്പായി പി.എഫ് അക്കൗണ്ട് ക്ലോസ് ചെയ്തിട്ടുള്ള ജീവനക്കാർ എന്നിവർക്ക് 2019 ലെ ശമ്പള പരിഷ്കരണ കുടിശ്ശിക ഒറ്റത്തവണ പണമായി വിതരണം ചെയ്യാവുന്നതാണെന്നും 2021 മെയ് മാസത്തിനുശേഷം സർവ്വീസിൽ നിന്നും

Draft #2 of File 37151/AD A3-4/2025/AD A 3 Approved by ASSISTANT REGISTRAR I (ADMIN) on 24-Jan-2026 02:09 PM - Page 3

വിരമിച്ചതുൾപ്പെടെയുള്ള മറ്റെല്ലാ വിഭാഗം ജീവനക്കാരുടെയും ശമ്പളപരിഷ്കരണ കുടിശ്ശിക അനുവദിക്കുന്നതിനുള്ള നടപടികൾ, ഇത് സംബന്ധിച്ച് സർക്കാരിൽ നിന്നുള്ള തുടർ നിർദ്ദേശം ലഭിച്ചതിനുശേഷം മാത്രം സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചുകൊണ്ട് പരാമർശം (2) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

2. എന്നാൽ സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതിയുടെ പശ്ചാത്തലത്തിൽ ശമ്പളപരിഷ്കരണ കുടിശ്ശിക വിതരണം സംബന്ധിച്ച വിഷയം സർക്കാർ പുനഃപരിശോധിക്കുകയും കുടിശ്ശിക അനുവദിക്കുന്നതിലൂടെ ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ കൂടുതൽ പ്രതിസന്ധിയിലാക്കും എന്ന് വിലയിരുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പതിനൊന്നാം ശമ്പള പരിഷ്കരണ കുടിശ്ശികയുടെ ഒന്നും രണ്ടും ഗഡുക്കൾ ജീവനക്കാരുടെ പി.എഫ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നത്, ഇത് സംബന്ധിച്ച് ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നത് വരെ നീട്ടി വെച്ചുകൊണ്ട് യഥാക്രമം പരാമർശം (3), (4) എന്നിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. തുടർന്ന് പരാമർശം (5) പ്രകാരം സംസ്ഥാനത്തെ സർവ്വകലാശാലകളിലെ അനധ്യാപക ജീവനക്കാരുടെ പതിനൊന്നാം ശമ്പള പരിഷ്കരണ കുടിശ്ശികയുടെ ഒന്നും രണ്ടും ഗഡുക്കൾ (25% വീതം) അനുവദിച്ചുകൊണ്ട് ഉത്തരവായിരുന്നു.

4. 29.10.2025 തീയതിയിൽ കൂടിയ മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും പതിനൊന്നാം ശമ്പള പരിഷ്കരണ കുടിശ്ശികയുടെ മൂന്നും നാലും ഗഡുക്കൾ (25% വീതം) അനുവദിച്ചുകൊണ്ട് പരാമർശം (6) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ, വിവിധ സർവ്വകലാശാലകളിലെ അനധ്യാപക ജീവനക്കാരുടെ പരാമർശം (1) പ്രകാരമുള്ള പതിനൊന്നാം ശമ്പള പരിഷ്കരണത്തിന്റെ കുടിശ്ശികയുടെ 3-ഉം 4-ഉം ഗഡുക്കൾ (25% വീതം) അനുവദിക്കുന്ന വിഷയത്തിൽ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

i) പരാമർശം (1) പ്രകാരം ശമ്പളം പരിഷ്കരിച്ചിട്ടുള്ള സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിലെ അനധ്യാപക ജീവനക്കാരുടെ പതിനൊന്നാം ശമ്പള

പരിഷ്കരണ കുടിശ്ശികയുടെ മൂന്നും നാലും ഗഡുക്കൾ (25% വീതം) ടി ജീവനക്കാരുടെ പി.എഫ് അക്കൗണ്ടിൽ 2026 ഏപ്രിൽ 1-നു ശേഷം ക്രെഡിറ്റു ചെയ്യാവുന്നതാണ്. അപ്രകാരം പി.എഫ് അക്കൗണ്ടിൽ ക്രെഡിറ്റുചെയ്യുന്ന തുക ടി ജീവനക്കാർ സേവനത്തിൽ നിന്നും വിരമിച്ചതിനു ശേഷം അല്ലെങ്കിൽ, 2027 ഏപ്രിൽ മാസം മുതൽ ഏതാണോ ആദ്യം വരുന്നത് അതിന്റെ അടിസ്ഥാനത്തിൽ പിൻവലിക്കാവുന്നതാണ്.

ii) 2021 മെയ് 31ന് ശേഷം വിരമിച്ച ജീവനക്കാർ, സേവനത്തിൽ നിന്നും വിരമിക്കുന്നതിന്റെ മുന്നോടിയായി പിഎഫ് അക്കൗണ്ട് അവസാനിപ്പിച്ചവർ/മറ്റു കാരണങ്ങളാൽ പി.എഫ്. അക്കൗണ്ട് അവസാനിപ്പിച്ചവർ, എന്നിവരുടെ ശമ്പള പരിഷ്കരണ കുടിശ്ശികയുടെ മൂന്നും നാലും ഗഡുക്കൾ (25% വീതം) ഒറ്റത്തവണ പണമായി 2026 ഏപ്രിൽ 1-നു ശേഷം അനുവദിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**കെ.ആർ.ജ്യോതിലാൽ**
അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

പകർപ്പ്:

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II) കേരള, തിരുവനന്തപുരം
സെക്രട്ടറിയേറ്റിലെ ഉന്നത വിദ്യാഭ്യാസം/ കൃഷി/ മൃഗസംരക്ഷണം/ മത്സ്യബന്ധനം/ ആരോഗ്യം വകുപ്പുകൾക്ക്.
എല്ലാ സർവ്വകലാശാല രജിസ്ട്രാർമാർക്കും
ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്
നോഡൽ ഓഫീസർ www.finance.kerala.gov.in
വെബ്& ന്യൂ മീഡിയ, വിവരവും പൊതു ജന സമ്പർക്കവും വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇ-ഫയൽ നം. 3114874)

**ഉത്തരവിൻ പ്രകാരം**

**അക്കൗണ്ട്സ് ഓഫീസർ**

Draft #2 of File 37151/AD A3-4/2025/AD A 3 Approved by ASSISTANT REGISTRAR I (ADMIN) on 24-Jan-2026 02:09 PM - Page 4

Draft #2 of File 37151/AD A3-4/2025/AD A 3 Approved by ASSISTANT REGISTRAR I (ADMIN) on 24-Jan-2026 02:09 PM - Page 5